**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**ആംഡ് പോലീസ് ബറ്റാലിയനുകളിലെ ഒഴിവുകൾ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3797. 11/11/2019-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരള ആംഡ് പോലീസ് ബറ്റാലിയനുകളിൽ കമാന്റന്റ്, ഡി.സി., എ.സി., എ.പി.ഐ., എ.പി.എസ്.ഐ., എ.പി.എ.എസ്.ഐ. എന്നീ വിഭാഗങ്ങളിൽ എത്ര തസ്തികകളിൽ ഒഴിവുകളുണ്ട്; | (എ) | പ്രസ്തുത തസ്തികകളിലെ ഒഴിവുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>തസ്തിക — ഒഴിവുകളുടെ എണ്ണം<br>കമാന്റന്റ് — 4<br>ഡെപ്യൂട്ടി കമാന്റന്റ് — 8<br>അസിസ്റ്റന്റ് കമാന്റന്റ് — 12<br>ആംഡ് പോലീസ് ഇൻസ്പെക്ടർ — 6<br>എ.പി.എസ്.ഐ — 0<br>എ.പി.എ.എസ്.ഐ — 1 |
| (ബി) | പ്രസ്തുത തസ്തികകളിൽ റെഗുലർ പ്രൊമോഷൻ നടന്നിട്ട് എത്രകാലമായി; ഈ കാലവിളംബം ബറ്റാലിയന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ; | (ബി) | ബറ്റാലിയനുകളിൽ കാലാകാലങ്ങളായി നടന്നുവരുന്ന സീനിയോറിറ്റി തർക്കങ്ങൾമൂലമാണ് റെഗുലർ പ്രമോഷൻ നടത്താൻ സാധിക്കാതെ വരുന്നത്. കമാന്റന്റ് തസ്തികയിൽ സ്പെഷ്യൽ റൂൾ ഇല്ലാത്തതിനാൽ താൽക്കാലിക പ്രമോഷൻ മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ. കാലാകാലങ്ങളായി നിരവധി കോടതി വിധികൾ വരുന്നതിനാൽ ഡെപ്യൂട്ടി കമാന്റന്റ് പ്രമോഷനുള്ള അസിസ്റ്റന്റ് കമാന്റന്റിന്റെ സെലക്ട് ലിസ്റ്റ് കഴിഞ്ഞ 25-ലേറെ വർഷങ്ങളായി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഉയർന്ന ഉദ്യോഗസ്ഥരുടെ സേവനം അനിവാര്യമാണെന്ന സാഹചര്യം കണക്കിലെടുത്ത് വർഷങ്ങളായി ഡെപ്യൂട്ടി കമാന്റന്റ് തസ്തികയിൽ താൽക്കാലിക പ്രമോഷൻ |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്ന സ്ഥിതിയാണുണ്ടായിരുന്നത്. ബറ്റാലിയനുകളിൽ അവശ്യ തസ്തികകളിൽ താല്ക്കാലിക പ്രൊമോഷൻ നൽകിയിട്ടുള്ളതിനാൽ റെഗുലർ പ്രമോഷൻ നടക്കാത്തത് ബറ്റാലിയന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടില്ല. |
| (സി) | ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | സീനിയോറിറ്റി തർക്കങ്ങൾ പരിഹരിച്ച് കുറ്റമറ്റ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി എ.പി. ബറ്റാലിയൻ ഡി.ഐ.ജി. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് നിലനിൽക്കുന്ന തർക്കങ്ങൾ പരിഹരിച്ചുകൊണ്ട് പുതുക്കിയ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റുകൾ നിലവിൽ വരുന്ന മുറയ്ക്ക് നിലവിലുള്ള ഒഴിവുകളിൽ റെഗുലർ പ്രമോഷൻ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ